# കുട്ടികൾക്കുള്ള ബൈബിൾ പഠനം

Godreveals.co.in


ആരാണ് നമ്മുടെ
അദ്ധ്യാപകൻ?
യേശുക്രിസ്തു

# നാം ഭൂമിയുടെ ഉപ്പാണ്!

# നാം ലോകത്തിന്റെ വെളിച്ചമാണ്!

മത്തായി 5: 13-16

# മത്തായി 5: 13



# ഉപ്പ്

# എന്തിനാണ് നാം ഉപ്പ് ഉപയോഗിക്കുന്നത്?

സ്വാദിന്





കേടുപാടു
കൂടാതെ
സൂക്ഷിക്കുന്നതിന്

# മത്തായി 5: 13

“നിങ്ങൾ ഭൂമിയുടെ ഉപ്പാകുന്നു; ഉപ്പു
കാരമില്ലാതെപോയാൽ അതിന്നു
എന്തൊന്നുകൊണ്ടു രസം വരുത്താം?
പുറത്തു കളഞ്ഞിട്ടു മനുഷ്യർ
ചവിട്ടുവാൻ അല്ലാതെ മറ്റൊന്നിന്നും
പിന്നെ കൊള്ളുന്നതല്ല.”

# മത്തായി 5: 13

**ഞാൻ സ്വാദ് കൊണ്ടുവരുന്നു!**

- നല്ല പ്രവൃത്തികളുടെ സ്വാദ്
- നല്ല സംസാരത്തിന്റെ സ്വാദ്
- നല്ല സ്വഭാവത്തിന്റെ സ്വാദ്




**ഞാൻ കേടുപാടുകൂടാതെ സൂക്ഷിക്കുന്നു!**

- സ്നേഹം കാത്തുസൂക്ഷിക്കുന്നു
- സന്തോഷം കാത്തുസൂക്ഷിക്കുന്നു
- സമാധാനം കാത്തുസൂക്ഷിക്കുന്നു

# മത്തായി 5: 14

“നിങ്ങൾ ലോകത്തിന്റെ വെളിച്ചം ആകുന്നു.”



# എന്തിനാണ് വെളിച്ചം??







നമ്മുടെ കാഴ്ചയ്ക്ക് വെളിച്ചം ആവശ്യമാണ്!

# യഥാർത്ഥ വെളിച്ചം!!

**യോഹന്നാൻ 8: 12** "യേശു പിന്നെയും അവരോടു സംസാരിച്ചു: ഞാൻ ലോകത്തിന്റെ വെളിച്ചം ആകുന്നു; എന്നെ അനുഗമിക്കുന്നവൻ ഇരുളിൽ നടക്കാതെ ജീവന്റെ വെളിച്ചമുള്ളവൻ ആകും എന്നു പറഞ്ഞു."

**1 യോഹന്നാൻ 1: 5** "ദൈവം വെളിച്ചം ആകുന്നു; അവനിൽ ഇരുട്ടു ഒട്ടും ഇല്ല. . ."

# മത്തായി 5: 16




“അങ്ങനെ തന്നേ മനുഷ്യർ നിങ്ങളുടെ നല്ല
പ്രവൃത്തികളെ കണ്ടു, സ്വർഗ്ഗസ്ഥനായ
നിങ്ങളുടെ പിതാവിനെ
മഹത്വപ്പെടുത്തേണ്ടതിന്നു നിങ്ങളുടെ
വെളിച്ചം അവരുടെ മുമ്പിൽ
പ്രകാശിക്കട്ടെ.“



# നമുക്ക് പ്രാർത്ഥിക്കാം

സ്വർഗീയ പിതാവേ, ഓരോ ദിവസവും ഞങ്ങൾ നേരിടുന്ന ഓരോ സാഹചര്യത്തിലും ഉപ്പും വെളിച്ചവുമാകുവാൻ അങ്ങയുടെ ദിവ്യ കൃപയാൽ ഞങ്ങളെ സഹായിക്കുന്നതിനായി നന്ദി. യേശുവിന്റെ നാമത്തിൽത്തന്നെ, ആമേൻ.



# ചോദ്യങ്ങൾ:

- എന്തെല്ലാമാണ് ഉപ്പിന്റെ ഉപയോഗങ്ങൾ?
- ഞാൻ നല്ല ____ടെ, നല്ല _____ന്റെ,
  നല്ല _____ന്റെ സ്വാദ് കൊണ്ടുവരുന്നു.
- ആരാണ് യഥാർത്ഥ വെളിച്ചം?
- ആരിലാണ് ഇരുട്ട് അൽപംപോലുമില്ലാത്തത്?
- കാഴ്ചയ്ക്ക് നമ്മെ സഹായിക്കുന്നതെന്ത്?

# നന്ദി, യേശുവേ

ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ!


Godreveals.co.in